CEE/281/2024-TA5

2678986/2024/Tapal CEE

G.O.(Rt)No.518/2024/HEDN

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസം - ഭിന്നശേഷി വിദ്യാർത്ഥികളുടെ എം.ബി.ബി.എസ് / ബി.ഡി.എസ് കോഴ്സുകൾക്കുള്ള യോഗ്യതാ പരീക്ഷയിലെ മിനിമം മാർക്ക് 2024 നീറ്റ് പരീക്ഷയുടെ മാർഗ്ഗ നിർദ്ദേശം പോലെ 40% ആയി ഏകീകരിച്ച് 2024 KEAM പ്രോസ്പെക്ടസ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്

G.O.(Rt)No.518/2024/HEDN തീയതി,തിരുവനന്തപുരം, 03-05-2024

---

പരാമർശം:-

1. 19.03.2024 ലെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ സ.ഇ.ഇ/849/2023-TA1 നമ്പർ കത്ത്.
2. 26.03.2024 ലെ സ.ഉ (കൈ) നമ്പർ 209/2024/HEDN (2024 KEAM പ്രോസ്പെക്ടസ്)

<u>ഉത്തരവ്</u>

പരാമർശം (2) ഉത്തരവ് പ്രകാരം 2024 KEAM പ്രോസ്പെക്ടസ് അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത പ്രോസ്പെക്ടസിലെ 6.2.5(i) പ്രകാരം എം.ബി.ബി.എസ്, ബി.ഡി.എസ് കോഴ്സുകൾക്കുള്ള പ്രവേശനം നേടുന്നതിന് ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 45% മിനിമം മാർക്ക് ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

2) പ്രവേശന പരീക്ഷാ കമ്മീഷണറുടെ പരാമർശം (1) ലെ കത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സിലേക്ക് പ്രവേശനം നേടുന്നതിന് KEAM 2024 യോഗ്യതാ പരീക്ഷയിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് യോഗ്യതാ പരീക്ഷയിലെ മിനിമം മാർക്ക് 2024 നീറ്റ് പരീക്ഷയുടെ മാർഗ്ഗ നിർദ്ദേശം പോലെ 40% ആയി ഏകീകരിച്ച് പരാമർശം (2) പ്രോസ്പെക്ടസ് ഭേദഗതി വരുത്തി ഉത്തരവാകുന്നു. മേൽ ഭേദഗതിയോടെ പരാമർശം (2) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

C AJAYAN

ADDITIONAL SECRETARY

പകർപ്പ്

പ്രവേശന പരീക്ഷാ കമ്മീഷണർ, കെ എസ് ആർ ടി സി ബസ് ടെർമിനൽ കോംപ്ലക്സ്, തമ്പാനൂർ, തിരുവനന്തപുരം - 695001.

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

രജിസ്ട്രാർ, എ പി ജെ അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, സി ഇ ടി കാമ്പസ്, ശ്രീകാര്യം, തിരുവനന്തപുരം.

G.O.(Rt)No.518/2024/HEDN

മാനേജർ, അഡ്മിഷൻ സൂപ്പർ വൈസറി & ഫീ റെഗുലേറ്ററി കമ്മിറ്റി, എം.പി അപ്പൻ റോഡ്, വഴുതക്കാട്, തിരുവനന്തപുരം.

ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്.

ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര-പൊതുജനസമ്പർക്ക വകുപ്പ്.

*www.highereducation.kerala.gov.in*

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Gopakumar C R
Date: 04-05-2024 10:51:23
സെക്ഷൻ ഓഫീസർ